"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- കാഴ്ച ശക്തിയില്ലാത്തവർക്ക് ആൻഡ്രോയിഡ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉള്ള മൊബൈൽ ഫോൺ വാങ്ങി നൽകുന്നതിന് പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്

സ.ഉ.(സാധാ) നം.1885/2024/LSGD തീയതി,തിരുവനന്തപുരം, 09-10-2024

---

പരാമർശം:-

1. 27.02.2023 ലെ സ.ഉ (സാധാ) 495/2023/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്
2. ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടറുടെ 07.2024 ലെ 1859/MP&DP/2024/IKM നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024 തീയതിയിലെ 4.70-ാം നമ്പർ തീരുമാനം

ഉത്തരവ്

കാഴ്ച ശക്തിയില്ലാത്തവർക്ക് മൊബൈൽ ഫോൺ വാങ്ങി നൽകുന്നതിന്, പരമാവധി ധനസഹായം 3000/- രൂപയായി പരിമിതപ്പെടുത്തണം എന്ന നിബന്ധനയോടെ പരാമർശം (1) പ്രകാരം പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന് പ്രത്യേക അനുമതി നൽകിയിരുന്നു. ആൻ ഡ്രോയിഡ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉള്ള ഫോൺ നൽകുകയാണെങ്കിൽ ജി.പി.എസ് സംവിധാനം ഉപയോഗിക്കുന്നതടക്കമുള്ള പ്രയോജനം ലഭിക്കുമെന്നും ആയതിനാൽ 12,000/- രൂപ വരെയുള്ള ഫോൺ വാങ്ങി നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നു.

06.06.2024 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റി ടി അപേക്ഷ പരിഗണിക്കുകയും വിദഗ്ധരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. കാഴ്ചപരിമിതർക്ക് സ്മാർട്ട് ഫോണിൽ ഇൻസ്റ്റാൾ ചെയ്യേണ്ട ആപ്ലിക്കേഷൻ പ്ലേ സ്റ്റോറിൽ ലഭ്യമായതിനാൽ ആൻഡ്രോയിഡ് സൗകര്യമുള്ള 12,000/- രൂപയിൽ അധികരിക്കാത്ത സ്മാർട്ട് ഫോൺ ഇതിനായി വാങ്ങാവുന്നതാണെന്ന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്.

13.08.2024 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റി ഈ വിഷയം വിശദമായി പരിശോധിച്ചു. കാഴ്ച ശക്തിയില്ലാത്തവർക്ക് ആൻഡ്രോയിഡ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉള്ള 12,000/- രൂപയിൽ അധികരിക്കാത്ത സ്മാർട്ട് ഫോൺ നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വാങ്ങി നൽകുന്നതിന് പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
സെക്രട്ടറി, പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 10-10-2024 14:56:00
സെക്ഷൻ ഓഫീസർ